**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**

**2012 ജൂൺ 18, തിങ്കൾ**

**നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.**

**(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)**

**സത്യപ്രതിജ്ഞ**

**നെയ്യാറ്റിൻകര അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ആർ. സെൽവരാജ്–നെ സത്യപ്രതിജ്ഞക്കായി സെക്രട്ടറി-ഇൻചാർജ് ക്ഷണിക്കുകയും അദ്ദേഹം ഹാജരായി ദൈവ നാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത് രജിസ്റ്ററിൽ ഒപ്പുവച്ച് അദ്ധ്യക്ഷവേദിയെ അഭിവാദ്യം ചെയ്തശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടനാവുകയും ചെയ്തു.**

**പ്രസ്താവന**

**ഗവർണ്ണർക്കു നൽകിയ നിവേദനത്തിന്മേലുള്ള നടപടി**

**പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : മലപ്പുറം ജില്ലയിലെ അരീക്കോട് നടന്ന കൊലപാതകവുമായി ബന്ധപ്പെട്ട് എഫ്.ഐ. ആർ.–ൽ പ്രതിചേർക്കപ്പെട്ട എം.എൽ.എ.യ്ക്ക് ഗവൺമെന്റ് പരിരക്ഷ നൽകിയത് സംബന്ധിച്ച് പ്രതിപക്ഷം ഗവർണ്ണർക്ക് നൽകിയ കത്തിന്മേൽ**

അടിയന്തര നടപടി സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിയോട് ഗവർണ്ണർ ആവശ്യപ്പെട്ടതായി അറിയാൻ കഴിഞ്ഞു. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ വിശദീകരണം സഭയ്ക്ക് അറിയേണ്ടതുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട ഗവർണ്ണറുടെ കത്തിനുള്ള വിശദമായ മറുപടി ഇന്ന് അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത കേസിൽ നിഷ്പക്ഷവും നീതിപൂർവ്വവും സുതാര്യവുമായ അന്വേഷണമാണ് നടന്നുക്കൊണ്ടിരിക്കുന്നത്. എഫ്.ഐ. സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ കൊടുത്ത എഫ്.ഐ.ആർ.-ൽപ്പെട്ടാൽ ആ പ്രതിയെ അപ്പോൾത്തന്നെ അറസ്റ്റ് ചെയ്യുകയെന്നുള്ളതല്ല ഈ ഗവൺമെന്റിന്റെ സമീപനം. അതിനെക്കുറിച്ച് അന്വേഷിച്ച് പൂർണ്ണബോധ്യം വന്നതിനുശേഷം മാത്രമേ നടപടി സ്വീകരിക്കൂ. സംസ്ഥാനത്ത് നീതിയും നിയമവാഴ്ചയും ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കും. കേസ് അന്വേഷണം ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുകയും യഥാർത്ഥ പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരികയും ചെയ്യും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഈ വിഷയം പ്രതിപക്ഷം സഭയിൽ ഉന്നയിച്ചപ്പോൾ പറഞ്ഞ അതേ മറുപടിയാണ് ബഹുമാനപ്പെട്ട ഗവർണ്ണർക്കും മുഖ്യമന്ത്രി അയച്ചിരിക്കുന്നതെന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. സഭയേയും ജനങ്ങളേയും തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള മറുപടി തന്നെ ഗവർണ്ണർക്കും നൽകിയത് ശരിയായ സമീപനമല്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എഫ്.ഐ.ആർ.-ൽ ആറാം പ്രതിയായി എം.എൽ.എ.യുടെ പേര് ചേർത്തിട്ടുള്ളത് എഫ്.ഐ. സ്റ്റേറ്റ്മെന്റിന്റെ പിൻബലത്തിൽ മാത്രമാണ്. എഫ്.ഐ.ആർ-ൽ ഉൾപ്പെട്ടു

എന്നതിന്റെ പേരിൽ ഒരാളെ അറസ്റ്റ് ചെയ്യുകയെന്നുള്ളത് നീതിപൂർവ്വമല്ല. അത്തരത്തിലുള്ള ഒരു സമീപനമാണ് ഗവൺമെന്റ് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരോടും സ്വീകരിക്കുന്നത്.

<u>അടിയന്തരപ്രമേയം</u>

<u>എസ്.എഫ്.ഐ. പ്രവർത്തകർക്കുനേരെയുണ്ടായ ലാത്തിച്ചാർജ്</u>

<u>മി. സ്പീക്കർ</u>: കഴിഞ്ഞ വ്യാഴാഴ്ച തലസ്ഥാനത്ത് എസ്.എഫ്.ഐ. പ്രവർത്തകരെ സായുധ പോലീസുകാർ അതിക്രൂരമായി ആക്രമിക്കുകയും തുടർന്നുണ്ടായ ലാത്തിച്ചാർജ്ജിലും ഗ്രനേഡ് പ്രയോഗങ്ങളിലും പരുക്കേറ്റ എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി ശ്രീ. പി. ബിജു ഉൾപ്പെടെയുള്ള പ്രവർത്തകരെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും ചെയ്തതിനെ തുടർന്നുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ. പി. ജയരാജൻ, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: എസ്.എഫ്.ഐ. ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റായിരുന്ന അനീഷ് രാജിന്റെ കൊലയാളികളെ അറസ്റ്റ് ചെയ്യണമെന്നാരോപിച്ചും വി.ജെ.ടി ഹാളിൽ മുഖ്യമന്ത്രി പങ്കെടുക്കുന്ന ഔദ്യോഗിക പരിപാടി തടസ്സപ്പെടുത്തണമെന്ന ലക്ഷ്യം വച്ചുകൊണ്ടും 14-06-2012-ന് വൈകുന്നരം എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറിയുടെ നേതൃത്വത്തിൽ

ഒരു സംഘം വിദ്യാർത്ഥികൾ പ്രകടനമായി എത്തി വി.ജെ.ടി ഹാളിനു മുൻവശം റോഡിൽ കുത്തിയിരുന്ന് ഗതാഗത തടസ്സം സൃഷ്ടിച്ചതിനെത്തുടർന്ന് അവരെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവ് പ്രകാരം ലാത്തിവീശി പിരിച്ചു വിടാൻ ശ്രമിച്ചെങ്കിലും അവർ പിരിഞ്ഞുപോകാതെ അക്രമം തുടർന്നതിനാൽ 40-ഓളം പേരെ അറസ്റ്റ് ചെയ്യുകയും ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തു. നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി ഉൾപ്പെടെ 200 ഓളം പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സമരക്കാരുടെ കല്ലേറിൽ ഒരു കന്റോൺമെന്റ് സി.ഐ. ഉൾപ്പെടെ അഞ്ച് പേർക്ക് പരിക്കേൽക്കുകയും 3 പോലീസ് വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. പരിക്കേറ്റ സമരക്കാരേയും ഉദ്യോഗസ്ഥരേയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും ജനറൽ ആശുപത്രിയിലും ചികിത്സയ്ക്ക് വിധേയരാക്കി. പോലീസ് വാഹനങ്ങൾക്ക് കേട് വരുത്തുകയും ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരെ അക്രമിക്കുകയും ചെയ്തത് സംബന്ധിച്ച് കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇപ്പോൾ അവിടെ നിയന്ത്രണാതീതമായ സാഹചര്യം നിലനിൽക്കുന്നില്ല.

ശ്രീ. ഇ.പി. ജയരാജൻ: സത്യവിരുദ്ധമായതും പോലീസിനെ ന്യായീകരിക്കുന്നതുമായ പ്രസ്താവനയാണ് ആഭ്യന്തര വകുപ്പുമന്ത്രി നടത്തിയത്. യൂണിവേഴ്സിറ്റി കോളേജിനു മുൻപിലുണ്ടായ സംഭവത്തെ തുടർന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധം പ്രകടിപ്പിച്ച വിദ്യാർത്ഥികളെ പോലീസ് ഇപ്പോഴും വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പ്രദേശത്ത് കാമാക്ഷി വിലാസം എസ്റ്റേറ്റിലെ തമിഴ് ഭാഷാ

സംസാരിക്കുന്ന ഒരു വിഭാഗം തൊഴിലാളികളെ കോൺഗ്രസ് പ്രവർത്തകർ ആക്രമിച്ച സംഭവത്തിൽ ഇടപെട്ട് തൊഴിലാളികളെ ആശുപത്രിയിൽ എത്തിക്കാൻ സഹായിച്ച എസ്.എഫ്.ഐ. നേതാവ് അനീഷ് രാജിനെ കോൺഗ്രസിന്റെ നെടുങ്കണ്ടം മണ്ഡലം പ്രസിഡന്റ് ഉൾപ്പെടെയുള്ള ഒൻപതംഗ സംഘം ഒളിഞ്ഞിരുന്ന് ആക്രമിക്കുകയും കൊലപ്പെടുത്തുകയും ചെയ്തു. തുടർന്ന് രണ്ട് പ്രതികളെ അറസ്റ്റ്ചെയ്തെങ്കിലും അവരെ ജാമ്യത്തിൽ വിട്ടയയ്ക്കുകയാണുണ്ടായത്. സംഭവം നടന്ന് മൂന്ന് മാസം കഴിഞ്ഞിട്ടും മറ്റ് പ്രതികളെ  അറസ്റ്റു ചെയ്തിട്ടില്ല. ഈ പ്രശ്നത്തിന്റെ ഗൗരവം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനായി യൂണിവേഴ്സിറ്റി കോളേജിന്റെ ഗേറ്റിന് മുന്നിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സത്യ ഗ്രഹം നടത്തിയ വിദ്യാർത്ഥികൾക്കുനേരെ പോലീസ് നിഷ്ഠൂരമായ ആക്ര മണം നടത്തുകയും കോളേജിനകത്തേക്ക് ഗ്രനേഡ് എറിയുകയും ടിയർ ഗ്യാസ് പ്രയോഗിക്കുകയും ചെയ്തു. പരിക്കുപറ്റിയ പെൺകുട്ടികളുൾപ്പെടെ യുള്ള വിദ്യാർത്ഥികളെ  മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പി ച്ചിരിക്കുകയാണ്.  ജനാധിപത്യപരമായ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നവരെ പോലീസിനെ ഉപയോഗിച്ച് നേരിടുന്ന സമീപനം ശരിയല്ല. അനീഷ് രാജിന്റെ കൊലപാതകികളെ സംരക്ഷിക്കുന്ന ഗവൺമെന്റ് നയത്തിനെതിരെ പ്രതിഷേധിച്ച വിദ്യാർത്ഥികൾക്കുനേരെ പോലീസ് നട ത്തിയ അതിക്രമം സംബന്ധിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): **14-06-2012-ന്**  വൈകുന്നേരം നാല് മണിക്ക് വി.ജെ.ടി. ഹാളിൽ മുഖ്യമന്ത്രി പങ്കെടുക്കുന്ന സമ്മേളനത്തിന് മുമ്പ് രണ്ട്

മണിക്കൂറോളം എസ്.എഫ്.ഐ. വിദ്യാർത്ഥികൾ മുഖ്യമന്ത്രിക്ക് നിവേദനം കൊടുക്കാനെന്ന വ്യാജേന റോഡ് ഉപരോധിക്കുകയും സമാധാനാന്തരീക്ഷം തകർക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തത് ശരിയായ നടപടിയല്ല. അനീഷ് രാജിന്റെ കൊലപാതകം സംബന്ധിച്ച് കഴിഞ്ഞ സമ്മേളന കാലത്ത് സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുകയും അതിന് മറുപടി പറയുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സംഭവത്തിൽ ഗവൺമെന്റ് കർക്കശ നിലപാട് സ്വീകരിച്ച് അന്വേഷണം നടത്തിവരികയാണ്. കേസിൽ രണ്ടു പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടുതൽ അന്വേഷണം നടത്തു ന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കുകയും കുറ്റക്കാരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരികയും ചെയ്യും. ഇക്കാര്യത്തിൽ പരാതിയുണ്ടെങ്കിൽ സ്പെഷ്യൽ ഇൻവെസ്റ്റി ഗേഷൻ ടീമിനെ സമീപിക്കാവുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, എ.എ.അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

## ശ്രദ്ധ ക്ഷണിക്കൽ

### (1) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. പി. സി. വിഷ്ണുനാഥ്: ആതുര സേവന രംഗത്ത് നേഴ്സിംഗ് സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഈ സർക്കാർ നിയോഗിച്ച ഡോ. ബലരാമൻ കമ്മീഷൻ റിപ്പോർട്ടിൽ നിരവധി മനുഷ്യാവകാശ ലംഘനങ്ങളും ചൂഷണവും ഈ മേഖലയിൽ നടക്കുന്നതായും മിനിമം വേതനം, ഡ്യൂട്ടി സമയം തുടങ്ങിയ നിർദ്ദേശങ്ങൾ ഹോസ്പിറ്റൽ മാനേജുമെന്റ് അസോസ്സിയേഷൻ അംഗീകരിക്കാൻ തയ്യാറാകുന്നില്ല എന്നുമാണ് പരാമർശിച്ചിട്ടുള്ളത്. നേഴ്സുമാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം സർട്ടിഫിക്കറ്റ് തടഞ്ഞുവയ്ക്കൽ, ഡെപ്പോസിറ്റ് വാങ്ങൽ, രജിസ്റ്റേർഡ് നേഴ്സുമാരെ ട്രെയിനികളായി നിയമിക്കൽ തുടങ്ങി ഹോസ്പിറ്റൽ മാനേജുമെന്റിന്റെ നിയമവിരുദ്ധ നടപടികൾ അവസാനിപ്പി ക്കാൻ നടപടി സ്വീകരിക്കണം. കമ്മീഷന്റെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളായ ലൊക്കേഷൻ, ബെഡ് സ്ട്രംഗ്ത് എന്നിവയുടെ ക്ലാസ്സിഫിക്കേഷൻ പരിഗണി ക്കാതെ അടിസ്ഥാന ശമ്പളം 12,900 രൂപയായി നിജപ്പെടുത്താനും, 8 മണി ക്കൂറുള്ള മൂന്ന് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്താനും, കൺസ്യൂമർ പ്രൈസ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകാനും, യൂണിഫോം അലവൻസ്, ബോണസ്, ഉത്സവബത്ത, സ്പെഷ്യൽ റിസ്ക് അലവൻസ്, നൈറ്റ് ഷിഫ്റ്റ് അലവൻസ്, ഓവർടൈം അലവൻസ് തുടങ്ങി യവ നൽകാനും നടപടി സ്വീകരിക്കണം. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്

ബിൽപാസ്സാക്കി ആശുപത്രികളെ പ്രസ്തുത ബില്ലിന്റെ പരിധിയിൽ കൊണ്ടു വരികയും കേരള നേഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ ആക്ട്, 1953 അടിയന്തിരമായി ഭേദഗതി ചെയ്യുകയും പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊ ള്ളിച്ച്ഒരു നിയമനിർമ്മാണം നടത്തുകയും നേഴ്സിംഗ് ഡയറക്ടറേറ്റ് രൂപീകരിക്കുകയും ചെയ്യണം. രാത്രി 12 മണിക്ക് അവസാനിക്കുന്ന ഷിഫ്റ്റുകൾ വനിത നേഴ്സുമാർക്ക് ബുദ്ധിമുട്ടുളവാക്കുന്നതിനാൽ ഷിഫ്റ്റ് സമയം പുന:ക്രമീകരിക്കുകയും വനിതാ നേഴ്സുമാർക്ക് റിട്ടയറിംഗ് റൂം അനുവദിക്കുകയും ചെയ്യണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം **974** സ്വകാര്യ ആശുപത്രികളിൽ പരിശോധന നടത്തി ഏതൊക്കെ ആശുപത്രികൾ എന്തൊക്കെ നിയമങ്ങൾ ലംഘിച്ചുവെന്നുള്ളത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മിനിമം വേജസ് നടപ്പിലാക്കുന്ന കാര്യത്തിൽ പ്രോസിക്യൂഷൻ നടപടി പാടില്ലെന്ന് ഹൈക്കോടതി നിർദ്ദേശി ച്ചിട്ടുള്ളതിനാൽ മിനിമം വേജസ് നടപ്പാക്കാത്ത ആശുപത്രികളുടെ പേരിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ബഹുഭൂരിപക്ഷം സ്വകാര്യ ആശു പത്രി കളിലും മിനിമം വേജസ് നടപ്പിലാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്ന ത്. നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ നേഴ്സിംഗ് മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ 18 ശുപാർശകളിൽ സേവന-വേതന മേഖലയെ സംബന്ധിച്ച 16 എണ്ണം അംഗീകരിച്ചിട്ടുണ്ട്.

മിനിമം വേജസ് ആക്ട് പ്രകാരം ലേബർ ഡിപ്പാർട്ട്മെന്റ് മിനിമം വേജസ് കമ്മിറ്റിയെ നിയോഗിക്കുകയോ ബലരാമൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിനിമം വേജസ് പ്രഖ്യാപിക്കുകയോ നോട്ടിഫിക്കേഷൻ റൂട്ടനുസരിച്ച് പോകുകയോ ചെയ്യണം. നോട്ടിഫൈ ചെയ്ത് ഒബ്ജക്ഷൻസ് സ്വീകരിച്ച് അഡ്വൈസറി ബോർഡിന്റെ ശുപാർശ പ്രകാരം മാത്രമേ ഗവണ്മെന്റിന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. സ്വകാര്യ മേഖലയിലെ എല്ലാ തൊഴിലാളികളെയും ഉൾപ്പെടുത്തി മാത്രമേ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ. മിനിമം വേജസ് ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കാൻ ഗവണ്മെന്റിന് കഴിയില്ല. ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയിൽ 3 മാസം കൊണ്ട് സമവായം ഉണ്ടാകുകയാണെങ്കിൽ ശുപാർശകൾ നടപ്പിലാക്കാൻ കഴിയും. രോഗികൾക്ക് അധികഭാരമുണ്ടാകാത്ത വിധം സ്വകാര്യ ആശുത്രികളിൽ ജോലി ചെയ്യുന്നവർക്ക് മാന്യമായ ശമ്പളം ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് ചെയ്യുന്നതാണ്. ഈ വിഷയത്തിൽ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തുന്നതാണ്. ബലരാമൻ കമ്മിറ്റി ശുപാർശ നടപ്പിലാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമായാൽ അക്കാര്യം പരിശോധിക്കുന്നതാണ്.

(2) <u>കഞ്ചിക്കോട് കോച്ച് ഫാക്ടറിയുടെ പ്രവർത്തനം</u>

<u>ശ്രീ. കെ.വി. വിജയദാസ്:</u> പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് 5000 കോടി രൂപ മുതൽമുടക്കുള്ള റെയിൽവേ കോച്ച് ഫാക്ടറിയും 10,000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതും 128 അനുബന്ധ വ്യവസായങ്ങളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും സെൻട്രൽ സ്കൂളും അടക്കമുള്ള

ടൗൺഷിപ്പും രൂപീകരിക്കുമെന്ന് മുൻ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി പ്രഖ്യാപനം നടത്തിയിട്ടുള്ളതാണ്. മറ്റ് സംസ്ഥാനങ്ങളിൽ അനുവദിച്ച കോച്ച് ഫാക്ടറികൾ ഉല്പാദനഘട്ടത്തിലെത്തിയിട്ടും കേരളത്തിന്റെ കാര്യത്തിൽ യാതൊരു പ്രവർത്തനവും തുടങ്ങിയിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ ഫാക്ടറിക്കുവേണ്ടി 430.59 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടും തുടർന്നുവന്ന റെയിൽവേ ബഡ്ജറ്റുകളിലൊന്നും അതിനാവശ്യമായ തുക അനുവദിച്ചില്ല. പൊതുമേഖലയിലാണോ സ്വകാര്യ മേഖലയിലാണോ ഫാക്ടറി നടത്തേണ്ടതെന്ന സംശയം റെയിൽവേ അധികൃതരുടെ ഭാഗത്ത് നിലനിൽക്കുകയാണ്. അതുകൊണ്ട് ആഗോള ടെണ്ടർ വിളിച്ച് ഓഹരി പങ്കാളിത്തം കണ്ടെത്താനും തുടർ നടപടികൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കാനും നടപടി സ്വീകരിക്കണം. റവന്യു സ്ഥലമെടുപ്പ് വിഭാഗവും റെയിൽവേയും സംയുക്ത സർവ്വേ നടത്തി അളന്നു തിട്ടപ്പെടുത്തിയ ഭൂമി വീണ്ടും സർവ്വേ നടത്തണമെന്ന റെയിൽവേയുടെ ആവശ്യം നീതീകരിക്കാവുന്നതല്ല. പദ്ധതി നഷ്ടപ്പെടുമോ എന്ന ആശങ്ക ദൂരീകരിക്കാൻ കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) : കോച്ച് ഫാക്ടറി സ്വകാര്യ പങ്കാളിത്ത സംരംഭമായി തുടങ്ങുന്നതിന് ആഗോള ടെണ്ടർ ക്ഷണിച്ചിരിക്കുകയാണെന്ന് റെയിൽവേ കേരള ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് 429.27 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. 28.2.2011 –ന് കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറി സംസ്ഥാന ചീഫ് സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറിയുമായി നട

ത്തിയ വീഡിയോ കോൺഫറൻസിൽ 239 ഏക്കർ സ്ഥലം മതിയെന്നും അതിന് മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ 33.70 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് നൽകി ഭൂമി ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലൈറ്റ് വെയ്റ്റ് അലുമിനിയംകൊണ്ടുള്ള കോച്ച് ഫാക്ടറിയാണ് നിർമ്മിക്കുന്നതെന്നും അത് ഇന്ത്യയിൽ ഒന്നാമത്തേതായിരിക്കുമെന്നുമാണ് കേന്ദ്രം കേരളത്തെ അറിയിച്ചിട്ടുള്ളത്.

<u>സബ്മിഷൻ</u>

(1)<u>ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ്-ന്റെ വികസനം</u>

<u>ശ്രീ. എൻ.എ. നെല്ലിക്കുന്ന്:</u> കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം ഇന്ന് നിലച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ വകുപ്പുകൾക്ക് ഈ കമ്പനി ഉൽപ്പാദിപ്പിക്കുന്ന ഡീസൽ ജനറേറ്ററുകൾ വാങ്ങാനുള്ള അനുവാദം നൽകുകയും അവിടത്തെ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുകയും ചെയ്ത് ഈ സ്ഥാപനത്തെ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി):</u> ഭാരത് ഹെവി ഇലക്ട്രിക്കൽസുമായി ചേർന്ന് 'കെൽ' ഉണ്ടാക്കിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് സെക്ടറിലേയ്ക്ക് പോയപ്പോൾ ഉണ്ടായ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കെൽ -ന് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ സംയുക്ത സംരംഭത്തിലുള്ള ഈ സ്ഥാപനത്തിനും കൊടുക്കണമെന്ന വിഷയം ടേക്കപ്പ് ചെയ്യുന്നുണ്ട്. ഭാരത്

ഹെവി ഇലക്ട്രിക്കലിലെ മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(2) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോക്ക് ആവശ്യമായ ബസ്സുകളും സ്പെയർപാട്സും വനിതാ യാത്രക്കാരുടെ വിശ്രമകേന്ദ്രത്തിന് ഫർണിച്ചറും ലഭ്യമാക്കി ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ അനുവദിച്ചിട്ടുള്ള 95 ബസ്സുകളിൽ 9 എണ്ണത്തിന്റെ പ്രവർത്തനം നിറുത്തി വച്ചിരിക്കുകയാണ്. ബോഡി നിർമ്മാണത്തിലിരിക്കുന്ന ബസ്സുകളുടെ പണി പൂർത്തിയാകുന്നമുറയ്ക്ക് ഈ ഡിപ്പോയ്ക്ക് അത്യാവശ്യം വേണ്ട ബസ്സുകൾ നൽകുന്നതാണ്.

(3) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സാമ്പത്തിക പ്രതിസന്ധിമൂലം വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം തകരാറിലായിരിക്കുകയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കുടിവെള്ള പദ്ധതിക്കൾക്കായി ഡെപ്പോസിറ്റ് ചെയ്യുന്ന തുക നിത്യനിദാന ചെലവിനായി ഉപയോഗിക്കുന്നതിനാൽ പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം നടക്കുന്നില്ല. വെള്ളക്കരം കുടിശ്ശിക യഥാ സമയം പിരിച്ചെടുക്കാനും സാമ്പത്തിക സഹായം നൽകി വാട്ടർ അതോറിറ്റിയെ പുന:സംവിധാനം ചെയ്യാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : പത്തംഗ വർക്കിംഗ് കമ്മിറ്റിയുടെ ഉപദേശ പ്രകാരം വാട്ടർ അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദ സ്ഥാപനമാക്കുന്നതിന് പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും ബ്ലൂ ബ്രിഗേഡ് പ്രവർത്തനമാരംഭിക്കുകയും പൊതുജനസമ്പർക്ക ഓഫീസുകളിൽ ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രീകൃത പരാതി സ്വീകരണ കേന്ദ്രത്തിൽ ടോൾഫ്രീ നമ്പർ മുഖാന്തിരം ജലവിതരണം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതാണ്. ഓഫീസുകളുടെ പുന:ക്രമീകരണം, ധനകാര്യ സുസ്ഥിരത എന്നിവ സംബന്ധിച്ച ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ പഠന റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയിലെ സ്ഥാപന ശാക്തീകരണ അഡ്വൈസറി കമ്മിറ്റി പരിശോധിച്ചുവരുന്നു. ഇ-ടെണ്ടർ നടപ്പിലാക്കിയതുവഴി കൂടുതൽ ജലവിതരണ പദ്ധതികൾക്ക് അനുമതി നൽകാനും പണിപൂർത്തിയാക്കാനും സാധിക്കുന്നതാണ്. ഏകീകൃത നിരക്ക് പ്രഖ്യാപിച്ചതിലൂടെ പമ്പിംഗ് ജോലികളിൽ ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിലുള്ള ജലവിതരണ പദ്ധതികളിലെ കാലപ്പഴക്കംചെന്ന പൈപ്പുകളും പമ്പുസെറ്റുകളും മാറ്റുന്നതിന് പദ്ധതി ആവിഷ്കരിച്ച് വരികയും ആയതിലേയ്ക്കായി 85 കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയും ഗ്രാമീണ കുടിവെള്ള പദ്ധതിയും കടൽവെള്ളം ശുദ്ധീകരിക്കുന്ന പദ്ധതിയും അടിയന്തരമായി നടപ്പാക്കുന്നതാണ്. കേടാകുന്ന പമ്പ്സെറ്റുകളും പത്തുകൊല്ലം പഴക്കമുള്ള മോട്ടോറുകളും മാറ്റുന്നതിനും സ്റ്റാന്റ് ബൈ പമ്പ് സെറ്റുകൾ അനുവദിക്കുന്നതിനും കാലപ്പഴക്കംചെന്ന എ.സി. പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. ശുദ്ധജലം ഉറപ്പുവ

രുത്തുന്നതിന് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ടെറാഫിൽറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിനും റയിൻവാട്ടർ ഹാർവെസ്റ്റ് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(4) കല്പറ്റയിലെ റിപ്പൺ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യൽ

ശ്രീ. എം.വി. ശ്രേയാംസ് കുമാർ : വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന വയനാട് ജില്ലയിലെ റിപ്പൺ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 27-ഓളം ആദിവാസി കോളനികളും ജനസംഖ്യയിൽ 40 ശതമാനത്തിലധികം തോട്ടം തൊഴിലാളികളുമുള്ള മുപ്പനാട് പഞ്ചായത്ത് പ്രദേശത്തെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഗണിച്ചും വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒരുകിലോമീറ്ററിനുള്ളിൽ ഒന്നുമുതൽ 5 വരെയും 3 കിലോമീറ്ററിനുള്ളിൽ 6 മുതൽ 8 വരെയും ക്ലാസ്സുകളിലേയ്ക്ക് പഠനസൗകര്യം ഏർപ്പെടുത്തേണ്ടതിനാലും ഇവിടെ ഒരു യു.പി.സ്കൂൾ അനുവദിക്കേണ്ടത് ആവശ്യമാണ്. ഈ വർഷം മുതൽ സർക്കാർ റിപ്പൺ എൽ.പി. സ്കൂളിൽ ആറാം ക്ലാസും വരുംവർഷങ്ങളിൽ തുടർന്നുള്ള ക്ലാസുകളും അനുവദിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ധനകാര്യവകുപ്പുമായി ആലോചിച്ച് ഇക്കാര്യത്തിൽ താമസംവിനാ തീരുമാനം കൈക്കൊള്ളുന്നതാണ്.

(5) തെങ്കര, വടശ്ശേരിപ്പുറം സ്കൂളുകളുടെ പ്രശ്നങ്ങൾ

ശ്രീ. എൻ. ഷംസുദ്ദീൻ:. ആർ.എം.എസ്.എ. പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ തെങ്കര,

വടശ്ശേരിപ്പുറം സ്കൂളുകളിൽ ഹൈസ്കൂൾ അദ്ധ്യാപകരുടേയും ഇംഗ്ലീഷ്, അറബിക്, സംസ്കൃതം, ഉറുദു ഭാഷാ അദ്ധ്യാപകരുടേയും നിയമനങ്ങൾ നടത്തുന്നതിനും മുടങ്ങിക്കിടക്കുന്ന കെട്ടിടനിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ആർ.എം.എസ്.എ. പദ്ധതിപ്രകാരം 2011–12 വരെ ഓരോ സ്കൂളിലും 4 വിഷയാദ്ധ്യാപകരുടേയും 2 ഭാഷാദ്ധ്യാപകരുടേയും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിപ്രകാരമുള്ള സ്കൂളുകളിലേയും മറ്റ് സ്കൂളുകളിലേയും കുട്ടികൾക്ക് പഠനത്തിൽ തുല്യ അവസരം ലഭിക്കണമെന്ന നിലപാടാണ് സർക്കാരിനുള്ളത്. ആയതിനാൽ ആവശ്യമായ അറബി, ഇംഗ്ലീഷ് അദ്ധ്യാപകരേയും മറ്റ് വിഷയ അദ്ധ്യാപകരേയും നിയമിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. മണ്ണാർക്കാട് ജില്ലയിലെ തെങ്കര, വടശ്ശേരിപ്പുറം ഉൾപ്പെടെയുള്ള സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

(6) പ്രവാസിക്ഷേമനിധി ബോർഡ്

ശ്രീ. എ. കെ. ശശീന്ദ്രൻ: മറുനാടൻ മലയാളികൾക്കായി നോർക്കയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച പ്രവാസിക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പെൻഷൻ പ്രായപരിധി ഉയർത്തുന്നതിനും സോഷ്യൽ എക്കണോമിക് സർവ്വേ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : പ്രവാസി ക്ഷേമനിധി ബോർഡിന്റെ കേന്ദ്ര കാര്യാലയം തിരുവനന്തപുരത്തും മേഖലാ കാര്യാലയം കോഴിക്കോടും പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമേ മലപ്പുറം ജില്ലയിൽ കോട്ടയ്ക്കലിൽ ഒരു മേഖലാ ആഫീസും ആരംഭിച്ചിട്ടുണ്ട്. 2009 നവംബർ മാസം 3-നാണ് ക്ഷേമനിധി ബോർഡ് നിലവിൽവന്നതെങ്കിലും നിയമപ്രകാരം 2014 നവംബർ മാസത്തിലാണ് പെൻഷൻ നൽകേണ്ടത്. ക്ഷേമനിധിയിൽ അംഗമാകാനുള്ള പ്രായപരിധി 60 വയസ്സായി ഉയർത്തണമെന്ന നിർദ്ദേശം നിയമഭേദഗതിയിലൂടെ കൊണ്ടുവരുന്നതാണ്. മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് പെൻഷൻ കൊടുക്കുന്നതാണ്. ഈ പദ്ധതിയിൽനിന്നും വിധവാ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, ഭവന വായ്പ, സ്വയംതൊഴിൽ വായ്പ, ചികിത്സാ സഹായം, വാർദ്ധക്യകാല ആശ്വാസം തുടങ്ങിയവ നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. വ്യാപകമായ കാമ്പെയിനിലൂടെ കൂടുതൽ പ്രവാസികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ ശ്രമിക്കുന്നുണ്ട്. 31.3.2012 വരെ അംശദായമായി 20 കോടി രൂപ ബോർഡിന് ലഭിച്ചിട്ടുണ്ട്. ബോംബെയിലെ അറ്റസ്റ്റേഷൻ ഓഫീസിൽ ഇവിടെനിന്നും ആരും പോകാൻ തയ്യാറല്ലാത്ത സാഹചര്യത്തിൽ അവിടത്തെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഏതെങ്കിലും സ്ഥാപനത്തിൽനിന്ന് ഒരാളെ നിയോഗിക്കാൻ ശ്രമിക്കുന്നുണ്ട്. പ്രവാസി ക്ഷേമ കാര്യങ്ങൾക്ക് കഴിഞ്ഞ വർഷങ്ങളേക്കാൾ ഇരട്ടി തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. പ്രവാസി ക്ഷേമകാര്യങ്ങളിൽ ഈ ഗവൺമെന്റ് സജീവ താൽപ്പര്യം കാണിക്കുന്നതാണ്.

(7) <u>കൗൺസിലർമാരെ കയ്യേറ്റം ചെയ്തത് സംബന്ധിച്ച്</u>

<u>ശ്രീ. എം.എ. വാഹീദ്</u> : തിരുവനന്തപുരം നഗരത്തിലെ ചവർ നീക്കവുമായി ബന്ധപ്പെട്ട് നഗരസഭാ കൗൺസിലർമാർ നടത്തിയ പ്രതിഷേധസൂചക സമരത്തിനിടയിൽ കൗൺസിലർമാരെ ക്രൂരമായി മർദ്ദിച്ച തിരുവനന്തപുരം നഗരസഭയിലേയും നെടുമങ്ങാട്, കുന്ദംകുളം മുനിസിപ്പാലിറ്റികളിലേയും ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം. മർദ്ദനമേറ്റ് ആശുപത്രിയിൽ കഴിയുന്ന കൗൺസിലർമാർക്ക് ആവശ്യമായ സംരക്ഷണം നൽകണം. നഗരത്തിലെ മാലിന്യ സംസ്ക്കരണത്തിന് നടപടി സ്വീകരിക്കാത്ത നഗരസഭയെ സസ്പെന്റ് ചെയ്ത് അധികാരം അഡ്മിനിസ്ട്രേറ്ററെ ഏൽപ്പിക്കാനും മാലിന്യം പൂർണ്ണമായി സംസ്ക്കരിക്കാനും നടപടി സ്വീകരിക്കണം.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): റെയിൽവേ ആവശ്യപ്പെട്ടതു പ്രകാരം കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോം നിർമ്മാണത്തിന് നഗരത്തിലെ നൂറോളം ലോഡ് മാലിന്യങ്ങൾ അവിടേയ്ക്ക് നീക്കം ചെയ്തിട്ടുണ്ട്. 400-ഓളം ലോഡ് മാലിന്യങ്ങൾ ഇനിയും നീക്കം ചെയ്യാൻ സൗകര്യമുണ്ടെന്നിരിക്കെ പ്രസ്തുത സ്ഥലം സന്ദർശിച്ച തിരുവനന്തപുരം മേയർ 13-06-2012 മുതൽ മാലിന്യങ്ങൾ കൊച്ചുവേളിയിലേയ്ക്ക് കൊണ്ടുപോകുന്നതിന് വാഹനങ്ങളോ ജീവനക്കാരെയോ വിട്ടുകൊടുക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചതിനെത്തുടർന്ന് മാലിന്യം നീക്കം ചെയ്യുന്നതിന് മേയർ തടസ്സം നിൽക്കരുതെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് 16-06-2012-ന് കോർപ്പറേഷൻ ഓഫീസിന് മുമ്പിൽ ധർണ്ണ നടത്തിയ നഗരസഭാ യു.ഡി.എഫ്.

കൗൺസിലർമാരെ തിരുവനന്തപുരം കോർപ്പറേഷൻ, നെടുമങ്ങാട്, കുന്ദംകുളം എന്നീ നഗരസഭകളിലെ ഒരു സംഘം ജീവനക്കാർ ആക്രമിക്കുകയും സാരമായി പരിക്കേറ്റ കൗൺസിലർമാർ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സയിലുമാണ്. ശ്രീ. സദാനന്ദൻ തായിയുടെ മൊഴിപ്രകാരം മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ആറ് പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. കൗൺസിലർമാരെ ആക്രമിച്ച ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന നഗരസഭാ പ്രതിപക്ഷ നേതാവിന്റെ ആവശ്യത്തിന്മേൽ നഗരസഭാ സെക്രട്ടറി, നഗരസഭാ ഡയറക്ടർ, വകുപ്പുസെക്രട്ടറി എന്നിവരിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കൗൺസിലർമാർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

(8) <u>തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിന്റെ നവീകരണം</u>

<u>ശ്രീമതി ഗീതാ ഗോപി</u>: തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്ര ദർശനത്തിനെത്തുന്ന ഭക്തജന ബാഹുല്യം കണക്കിലെടുത്ത് തീർത്ഥാടന സെന്റർ, കംഫർട്ട് സ്റ്റേഷൻ, പോലീസ് എയ്ഡ് പോസ്റ്റ്, പാർക്കിംഗ് ഗ്രൗണ്ട് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്താനും നാഷണൽ ഹൈവേയിൽ സൈൻബോർഡ് സ്ഥാപിക്കാനും തൃപ്രയാർ സെന്റർ മുതൽ ക്ഷേത്രത്തിന്റെ പടിഞ്ഞാറേ നടവരെയുള്ള നടപ്പാതയിൽ ടൈൽസ് പാകി ഇരുവശത്തും ലൈറ്റുകൾ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിന് എതിർവശത്തായി ഡി.ടി.പി.സി.യുടെ അംഗീകാരത്തോടു കൂടി സരയൂതീരം പ്രോജക്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭി ച്ചിരിക്കുകയാണ്. നിലവിലുള്ള ബോട്ട് ജെട്ടിയുടെ നവീകരണം, കുട്ടിക ളുടെ പാർക്ക്, മണ്ഡപം, വൈദ്യുതി-ദീപ സംവിധാനങ്ങൾ എന്നിവ പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് പഞ്ചാ യത്തിന് കൈമാറിയ സ്ഥലം ഡി.ടി.പി.സി.-ക്ക് ലഭ്യമാകുന്ന മുറയ്ക്ക് പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായി നാലമ്പലങ്ങളെ കോർത്തിണക്കിക്കൊ ണ്ടുള്ള ഒരു പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രവും ഉൾപ്പെടുത്താൻ പ്രത്യേക പരിഗണന നൽകുന്നതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): ടൂറിസം വകുപ്പുമായി ബന്ധപ്പെട്ടശേഷം സ്ഥലം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(9) ചിറയിൻകീഴ് താലൂക്കാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. വി. ശശി: ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നതിനും ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനും ആവശ്യാനുസരണം ഡോക്ടർമാർ, നേഴ്സുമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയോഗി ക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): മാസംതോറും ശരാശരി 6200 ഓളം രോഗികൾ അഡ്മിറ്റാകുകയും 450-ഓളം ഓപ്പറേഷനും 300-ഓളം പ്രസവവും നടക്കുന്ന ചിറയിൻകീഴ് താലൂക്ക് ആശുപത്രിക്ക് ഫസ്റ്റ് റെഫറൽ യൂണിറ്റായി അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾ നവീകരിക്കുന്നതിനും സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ പകർച്ചവ്യാധികൾ തടയുന്നതിന് എൻ.ആർ.എച്ച്.എം. വഴി ആവശ്യമായ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുന്നതിനും താലൂക്ക് ആശുപത്രികളിൽ 24 മണിക്കൂറും ഒ.പി. സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ആശുപത്രികൾ സന്ദർശിച്ച് പോരായ്മകൾ റിപ്പോർട്ട് ചെയ്യണമെന്ന് ഡി.എം.ഒ.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## ധനകാര്യം

### 2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (244,40,36,000 രൂപ.)

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം (242,82,18,000 രൂപ)

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി) : സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ. സി. ദിവാകരൻ, വി. എസ്. സുനിൽ കുമാർ, പി. തിലോത്തമൻ, വി. ശശി, ചിറ്റയം ഗോപകുമാർ, ജി. എസ്. ജയലാൽ, ഇ. കെ. വിജയൻ, രാജു എബ്രഹാം, ആർ. രാജേഷ്, എ.പ്രദീപ്കുമാർ, പുരുഷൻ കടലുണ്ടി, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ (ഉദുമ), കെ. കെ. നാരായണൻ, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം. ഹംസ, ബി. ഡി. ദേവസ്സി, കെ. ദാസൻ, വി. ചെന്താമരാക്ഷൻ, ബാബു എം. പാലിശ്ശേരി, എം. ചന്ദ്രൻ, എ. എ. അസീസ്, പി. ശ്രീരാമകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ്, കെ. വി. വിജയദാസ്, വി. ശിവൻകുട്ടി, സി. കെ. സദാശിവൻ, സാജു പോൾ, ബി.സത്യൻ, എസ്. ശർമ്മ, പി. റ്റി. എ. റഹീം, കെ. വി. അബ്ദുൾ ഖാദർ, ശ്രീമതിമാർ

ഇ. എസ്. ബിജിമോൾ, കെ. കെ. ലതിക, കെ. എസ്. സലീഖ, പി.അയിഷാ പോറ്റി, ഗീതാ ഗോപി, പ്രൊഫ. സി. രവീന്ദ്രനാഥ്, എന്നീ അംഗങ്ങൾ ഖണ്ഡ നോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. എം. ചന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനാധിപത്യ പരമായ അവകാശങ്ങൾ നിഷേധിക്കുന്ന നടപടികളാണ് സർക്കാർ സ്വീകരി ച്ചുകൊണ്ടിരിക്കുന്നത്. വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ സർക്കാർ തുടങ്ങി വച്ച പല വികസന പദ്ധതികളും സ്തംഭനാവസ്ഥയിലാണ്. കണ്ണൂർ വിമാനത്താവള പദ്ധതിയും വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻഷിപ്മെൻറ് പദ്ധതിയും സ്വകാര്യവൽക്ക രിക്കുന്നതിനുള്ള ശ്രമം അവസാനിപ്പിക്കണം. പാലക്കാട് കോച്ച് ഫാക്ട റിക്ക് നിശ്ചയിച്ചിരുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറച്ചുകൊണ്ട് സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനുള്ള ശ്രമം നടത്തുന്നതും ഇതിനാവ ശ്യമായ തുക കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ നീക്കി വയ്ക്കാത്തതും പ്രതി ഷേധാർഹമാണ്. സംസ്ഥാനത്തെ ജാതി-മത-വർഗ്ഗീയ ശക്തികളുടെ വിളനി ലമാക്കി മാറ്റിക്കൊണ്ട് ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിൽ ഭരണം നിശ്ചയിക്കുകയും മത സൗഹാർദ്ദത്തെ തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് അനുവദനീയമല്ല. പച്ചക്കറികളുടേയും നിത്യോപയോഗ സാധ നങ്ങളുടേയും രൂക്ഷമായ വിലക്കയറ്റം ജനങ്ങളെ പ്രതിസന്ധിയിലാക്കിയി രിക്കുകയാണ്. മാവേലി സ്റ്റോറുകളുടെ അവസ്ഥ പരിതാപകരമാണ്. കേന്ദ്ര സർക്കാർ നയങ്ങളുടെ ഭാഗമായുണ്ടാകുന്ന വിലക്കയറ്റം തടയാൻ പൊതു വിതരണശൃംഖല ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. രാസവ ളത്തിന്റെ വില വർദ്ധിപ്പിക്കുകയും കേന്ദ്ര സബ്സിഡി കുറയ്ക്കുകയും ചെയ്തതിലൂടെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം

കാണണം. പാടശേഖര സമിതികൾ വഴി നൽകിക്കൊണ്ടിരുന്ന രാസവള ത്തിന്റെ ആനുകൂല്യം കൃഷിക്കാർക്ക് ബാങ്കുകൾവഴി നൽകണം. നാളികേരത്തിന്റേയും ഇഞ്ചിയുടേയും വില ഇടിവ് തടയാനും കൊപ്ര സംഭരണം കൃത്യമായി നടത്താനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ലിന് വില നൽകാനും നടപടി സ്വീകരിക്കണം. സംസ്ഥാന ത്തൊട്ടാകെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ലിന് 350 കോടിയോളം രൂപ ഇനിയും കൊടുക്കാൻ ബാക്കിയുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്ന പല പൊതു മേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലേയ്ക്ക് പോകുകയാണ്. ഈ ഗവൺമെന്റ് ആരംഭിക്കാൻ പോകുന്ന 'എമർജിംഗ് കേരള' എന്ന പരിപാടി 'ജിം'-ന്റെ അവസ്ഥയിലേയ്ക്കെത്താതിരിക്കാൻ ശ്രദ്ധിക്കണം. സംസ്ഥാന വ്യാവസായിക-കാർഷിക മേഖലകൾ തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കു കയാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് മുഖ്യമന്ത്രി നടത്തുന്ന ജന സമ്പർക്ക പരിപാടിയിലൂടെ കേരളത്തിന്റെ സമ്പദ്വ്യവസ്ഥ മെച്ചപ്പെടു ത്താൻ കഴിയില്ല. പ്രതിപക്ഷ എം.എൽ.എ മാരുടെ മണ്ഡലങ്ങളിൽ വിക സന പ്രവർത്തനങ്ങൾ അനുവദിക്കാത്ത ഗവൺമെന്റിന്റെ നിലപാട് ഖേദകര മാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജനക്ഷേമ പ്രവർത്തനങ്ങൾ നട പ്പിലാക്കുന്നതിൽ വളരെയേറെ മുന്നേറിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഭരണ രംഗത്ത് നേതൃത്വം കൊടുത്തുകൊണ്ട് സമൂഹത്തിന്റെ സമസ്ത മേഖലകളിലും മാറ്റങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

സേവനാവകാശ നിയമം നടപ്പിലാക്കി ജനങ്ങളുടെ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണണം. ഗുഡ് ഗവേണൻസിലൂടെ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന പദ്ധതികളും പരിപാടികളും നടപ്പിലാക്കാനും ഇ-ഗവേർണൻസിന് കൂടുതൽ പ്രാധാന്യം കൊടുക്കാനും കഴിയണം. ഗവൺമെന്റ് ആവിഷ്ക്കരിക്കുന്ന പദ്ധതികളും പരിപാടികളും ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കിക്കൊണ്ട് പീപ്പിൾ ഓറിയന്റഡായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന ഗവൺമെന്റാണ് ഇന്നുള്ളത്. സേവനാവകാശ നിയമം പാസ്സാക്കിക്കൊണ്ട് ഭരണ നയങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനം ഉദ്യോഗസ്ഥ തലത്തിൽ വേഗതയിൽ നടപ്പാക്കാനുള്ള കാര്യക്ഷമമായ നടപടികളുണ്ടാകണം. പിറവത്തും നെയ്യാറ്റിൻകരയിലും നടന്ന ഉപതെരഞ്ഞെടുപ്പുകൾ ഒരു വർഷം പിന്നിട്ട യു.ഡി.എഫ്. ഗവൺമെന്റിനുള്ള അംഗീകാരമായി കാണണം. കോൺഗ്രസ് പാർട്ടിക്കകത്തെ ഐക്യമാണ് ഈ തെരഞ്ഞെടുപ്പു വിജയത്തിനാധാരം. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ന് അനുഭാവികളിൽ നിന്നും പ്രവർത്തകരിൽ നിന്നും ഒറ്റപ്പെടുന്നു എന്നുള്ള യാഥാർത്ഥ്യം ഉൾക്കൊള്ളാൻ തയ്യാറാകണം. പോലീസിനെ സമ്മർദ്ദത്തിലാക്കുകയും മാധ്യമപ്രവർത്തകരെ വേട്ടയാടുകയും ചെയ്യുന്ന കൊലപാതക രാഷ്ട്രീയത്തെ സംരക്ഷിക്കാനുള്ള നടപടികൾ എൽ.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് ദൗർഭാഗ്യകരമാണ്. കൊലപാതകക്കേസ് അന്വേഷിക്കാതിരിക്കാൻ സംസ്ഥാന ഖജനാവിലെ പണം ഉപയോഗിച്ച് സുപ്രീം കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയവർതന്നെ പിന്നീട് സ്റ്റേ വെക്കേറ്റ് ചെയ്യുകയും കുറ്റപത്രം സമർപ്പിക്കുകയും ചെയ്തത് ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന് ചേരാത്ത നടപടിയാണ്. ജനങ്ങളുടെ സങ്കീർണ്ണമായ

പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഈ സർക്കാരിന്റെ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്.

ശ്രീ. സി. ദിവാകരൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല പദ്ധതികളും നടപ്പിലാക്കാനോ നീക്കിവച്ച തുക ചെലവഴിക്കാനോ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ തടയാനും ആരോഗ്യവകുപ്പിൽ ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും ഒഴിവുകൾ നികത്താനും ആവശ്യമായ മരുന്ന് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് ചെലവ് ചുരുക്കൽ പരിപാടി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ധൂർത്ത് അവസാനിപ്പിച്ച് സാമ്പത്തിക നയം തിരുത്താൻ തയ്യാറാകണം. രൂക്ഷമായ വിലക്കയറ്റം തടയാൻ ആവശ്യമായ നടപടി സ്വീകരിക്കണം. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 13 ഇന അവശ്യ സാധനങ്ങൾ പൊതുവിതരണ ശൃംഖല വഴി നൽകിയിരുന്നത് ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. ജസ്റ്റിസ് വദ്ധ്വ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കണം. സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം തുടരുന്നതിനും അർഹരായവർക്ക് യൂണിഫോം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. മണൽ, ഭൂമി, മരുന്ന് മാഫിയകളെ നിലയ്ക്കു നിറുത്തണം. കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ജനങ്ങൾക്ക് നീതി നിഷേധിക്കപ്പെടുകയും ക്രമസമാധാനം തകർന്നിരിക്കുകയുമാണ്. പോലീസ് ഡിപ്പാർട്ട്മെന്റിൽ ധാരാളം ക്രിമിനലുകളും കേരളത്തിലെ വനങ്ങളിൽ ഭീകര പ്രവർത്തകരുമുണ്ടെന്ന ഡി.ജി.പി.യുടെ റിപ്പോർട്ടിന് പ്രാധാന്യം നൽകണം. സംസ്ഥാനത്ത്

സൽഭരണം ഉണ്ടാകുന്നതിന് രാഷ്ട്രീയ പകയില്ലാതെ സർക്കാർ പ്രവർത്തിക്കണം.

<u>ശ്രീ. ടി.എ. അഹ്മദ് കബീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ദിശാബോധമുള്ള ഒരു ഭരണകൂടമാണുള്ളതെന്ന് സഭയിൽ അവതരിപ്പിക്കപ്പെട്ട ഉപക്ഷേപങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. കേരളത്തിന്റെ സമ്പദ്ഘടനയിൽ ആശാവഹമായ ചലനങ്ങളാണ് ദൃശ്യമാകുന്നത്. ആഭ്യന്തര ഉൽപ്പാദന വളർച്ചാ നിരക്കിൽ ആശാസ്യമായ വർദ്ധനവാണ് കാണുന്നത്. അസറ്റ് ക്രിയേഷൻ, ക്യാപ്പിറ്റൽ ഫോർമേഷൻ എന്നീ കാര്യങ്ങളിൽ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. വിവിധ വകുപ്പുകളുടെ കീഴിലുള്ള അസറ്റ് നിർണ്ണയിക്കുന്നതിന് രജിസ്റ്റർ വയ്ക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ ഡെഫിസിറ്റ് ഇൻഡിക്കേറ്റർ ശുഭസൂചകമാണ്. വിവരാവകാശ നിയമവും പൗരാവകാശ രേഖയും കൊണ്ടു വന്നതും സേവനാവകാശനിയമം ഉടൻ നടപ്പിലാക്കുമെന്ന് പറയുന്നതും ശ്ളാഘനീയമാണ്. പദ്ധതി നിർവ്വഹണത്തിന് വിഭവം കണ്ടെത്താൻ നികുതിയിനത്തിലും നികുതിയേതര ഇനങ്ങളിലും വർദ്ധനവുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. നികുതി വെട്ടിപ്പ് തടയാനും അഴിമതി അവസാനിപ്പിക്കാനും മുൻകൈ എടുക്കണം. കാർഷിക രംഗം, ഊർജ്ജരംഗം, കുടിവെള്ളം, അടിസ്ഥാന പശ്ചാത്തല സൗകര്യം എന്നിവയ്ക്ക് മുൻഗണന കൊടുത്തുകൊണ്ട് ഭാവനാസമ്പന്നമായ നടപടികളുമായി മുന്നോട്ട് പോകുന്ന ഈ ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

<u>ശ്രീമതി ജമീലാ പ്രകാശം:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എല്ലാ രംഗത്തും പരാജയപ്പെട്ട ഒരു ഗവണ്മെന്റാണിത്. യഥാസമയം നെല്ല്

സംഭരണം നടത്താത്തതും സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കൊടുക്കാത്തതും ഖേദകരമാണ്. നാളികേരത്തിന്റെ വിലയിടിയുകയും പാലിന്റെയും മുട്ടയുടെയും ഉൽപാദനം കുറയുകയും ചെയ്തിരിക്കുകയാണ്. റേഷൻ മണ്ണെണ്ണ പൂർണ്ണമായി നിഷേധിച്ചതിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവിതം വഴിമുട്ടിയിരിക്കുന്നു. കഴിഞ്ഞ ഇടതുപക്ഷ ഗവണ്മെന്റ് കർഷക കടാശ്വാസ നിയമം കൊണ്ടുവന്ന് കർഷകരുടെ ആത്മഹത്യ തടഞ്ഞ സ്ഥാനത്ത് ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് വീണ്ടും കർഷകരെ ആത്മഹത്യയിലേയ്ക്ക് തളളിവിടുന്ന സാഹചര്യം സൃഷ്ടിക്കുന്നത് ദു:ഖകരമാണ്. 2001–ലെ യു.ഡി.എഫ്. ഭരണകാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖല സ്ഥാപനങ്ങളെ എൽ.ഡി.എഫ് ഗവൺമെന്റിന് ലാഭത്തിലാക്കാൻ കഴിഞ്ഞുവെങ്കിൽ അതിനെ നിലനിർത്തിക്കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. വ്യവസായരംഗത്ത് ഉൾപ്പെടെ പവർകട്ട് ഏർപ്പെടുത്തിയും സാധാരണക്കാരനുമേൽ അധിക നികുതി അടിച്ചേൽപ്പിച്ചും ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. പൊതുവിതരണ ശ്രംഖല തച്ചുതകർക്കുകയും മാവേലി സ്റ്റോറുകളിൽ അവശ്യ വസ്തുക്കൾ ഇല്ലാതാക്കുകയും ചെയ്ത് വിലക്കയറ്റം സൃഷ്ടിച്ചിരിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു വർഷം പൂർത്തീകരിച്ച യു.ഡി.എഫ്. ഭരണത്തിന് കിട്ടിയ ജനവിധിയാണ് നെയ്യാറ്റിൻകരയിലെ ഉപതെരഞ്ഞെടുപ്പ് വിജയം. സാധാരണക്കാരന്റെ ജീവൽ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കാണാനും ജനകീയവും സുതാര്യവുമായ ഭരണമാതൃക കാഴ്ചവയ്ക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കർഷക പെൻഷൻ യാഥാർത്ഥ്യമാക്കിയും രോഗികളെ സഹായിക്കുന്നതിനുവേണ്ടി കാരുണ്യ ലോട്ടറി ഏർപ്പെടുത്തിയും സ്വയം സംരംഭ

മിഷനിലൂടെ നൂറുകണക്കിനു ചെറുപ്പക്കാർക്ക് തൊഴിൽ നൽകിയും ഭരണത്തിന്റെ തുടക്കത്തിൽ ത്തന്നെ മൂന്നുമാസം കൊണ്ട് മുഴുവൻ ജനങ്ങൾക്കും റേഷൻ കാർഡ് നൽകിയും സൽഭരണം കാഴ്ചവയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പാവപ്പെട്ടവർക്ക് ഒരു രൂപ നിരക്കിൽ മാസം തോറും 25 കിലോ അരി നൽകി ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിച്ചുകൊണ്ട് മുന്നോട്ട് പോകുന്ന ഗവൺമെന്റാണിത്. വരും വർഷങ്ങളിലെ വികസന കാര്യങ്ങളിൽ സാം പിട്രോഡയുടെ പത്തിന നിർദ്ദേശങ്ങളടക്കം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ റെയിൽ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം തുടങ്ങിയ പദ്ധതികൾ യാഥാർത്ഥ്യമാകും. 2000 കോടി രൂപ മുതൽമുടക്കുള്ള പ്രകൃതിവാതക ശൃംഖല സ്ഥാപിക്കാനുള്ള കരാറിൽ ഗവൺമെന്റ് ഒപ്പിട്ടു കഴിഞ്ഞു. കേരളം റോഡ് വികസന രംഗത്ത് വൻകുതിപ്പ് നടത്തുകയാണ്. തിരുവനന്തപുരം – മംഗലാപുരം ബുള്ളറ്റ് ട്രെയിനിന്റെ പദ്ധതി വരാൻ പോകുന്നു. തിരുവനന്തപുരം–മംഗലാപുരം ബുള്ളറ്റ് ട്രെയിൻ ഒരു ഇന്ത്യൻ പദ്ധതിയായി കേന്ദ്രഗവൺമെന്റ് തലത്തിൽ അംഗീകരിച്ചാൽ കാശ്മീർ–കന്യാകുമാരി ഹൈസ്പീഡ് റെയിൽ കോറിഡോർ യാഥാർത്ഥ്യമാക്കുന്നതിനുള്ള ശക്തമായ ആവശ്യം കേരളം കേന്ദ്രത്തിന് സമർപ്പിക്കണം. വിദേശ നിക്ഷേപം കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കുന്ന പ്രധാനപ്പെട്ട പദ്ധതികളിലൊന്നായ 'എമർജിംഗ് കേരള' നടത്തുന്നതിന് ഗവൺമെന്റ് നേതൃത്വം കൊടുക്കണം. വികസനപദ്ധതികളും, ക്ഷേമപദ്ധതികളും ഒരുപോലെ മുന്നോട്ട് കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളത് സ്വാഗതാർഹമാണ്.

<u>ശ്രീ. എ.എ. അസീസ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൽ.ഡി. എഫ്. ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെ ഈ ഗവൺമെന്റ് അട്ടി മറിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി തികഞ്ഞ പരാജയമാണ്. കാർഷിക മേഖലയെ സംരക്ഷിക്കാനുള്ള ഒരു നടപടിയും സ്വീകരിക്കാത്തതിനാൽ കർഷകർക്ക് ഗവൺമെന്റിലുള്ള ആത്മവിശ്വാസം നഷ്ടപ്പെടുകയും കർഷക ആത്മഹത്യകൾ വീണ്ടും ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. ആരോഗ്യ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ഒരു പദ്ധതിയും ആസൂത്രണം ചെയ്തിട്ടില്ല. സിവിൽസ പ്ലൈസ് വകുപ്പ് കാര്യക്ഷമമാക്കണം. മണ്ണെണ്ണയുടെ ദൗർലഭ്യം മത്സ്യബന്ധ ന മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. വൈദ്യുതി വകുപ്പിലെ മിസ്മാനേ ജ്മെന്റ് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. ക്രമസമാധാനരംഗത്ത് ഈ ഗവൺമെന്റ് പരാജയമാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെ അട്ടിമറിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഭൂമി ഏറ്റെടുത്ത പദ്ധതികൾപോലും പ്രാവർത്തികമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. സ്മാർട്ട് സിറ്റിക്കു വേണ്ടി 600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ചതല്ലാതെ ഈ പദ്ധതിയുടെ പ്രവർത്തനം എന്നാരംഭിക്കുമെന്ന് പറയാൻ ഈ സർക്കാരിന് കഴിയുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച കോഴിക്കോട് ഐ.റ്റി. പാർക്കിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ ഈ സർക്കാ ർ നടപടി സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല, ഇതിനായി അക്വയർ ചെയ്ത ഭൂമി മറ്റാവശ്യങ്ങൾക്ക് മറിച്ചുകൊടുക്കാനുള്ള ശ്രമമാണ് ഇപ്പോൾ നട

ത്തിക്കൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്. ധാർമ്മികതയും സദാചാരമൂല്യവും ഉയർത്തിപ്പിടിക്കുന്ന ഒരു പ്രസ്ഥാനമാണ്.

ശ്രീ.സി.പി. മുഹമ്മദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റേത് കൂട്ടുത്തരവാദിത്വഭരണമാണ്. നിരവധി ജനക്ഷേമപദ്ധതികളും വികസനപ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ട് ഒന്നാം വാർഷികം ആഘോഷിക്കുന്ന വേളയിൽ, നെയ്യാറ്റിൻകരയിലും പിറവത്തും ഉണ്ടായ ജനവിധി സർക്കാരിന് ജനപിന്തുണയുണ്ടെന്നുള്ളതിന് ഉത്തമ തെളിവാണ്. ബി.പി.എൽ.-കാർക്ക് ഒരു രൂപ വച്ച് 25 കിലോഗ്രാം അരി നൽകിയതും 14 ജില്ലകളിൽ നടത്തിയ ജനസമ്പർക്കപരിപാടിയിലൂടെ ലക്ഷക്കണക്കിന് ആളുകൾക്ക് ധനസഹായം നൽകിയതും ഈ ഗവൺമെന്റിന്റെ ജനക്ഷേമ പരിപാടികളിൽ എടുത്തുപറയത്തക്കതാണ്. ആനുകൂല്യങ്ങൾ യഥാസമയം പാവപ്പെട്ട ജനങ്ങളിലെത്തിക്കുന്നതിന് ഓരോ ജില്ലയുടേയും ചുമതല ഓരോ മന്ത്രിമാർക്ക് കൊടുക്കുകയോ അല്ലെങ്കിൽ ജീവകാരുണ്യപ്രവർത്തനത്തിന് മാത്രമായി ഒരു മന്ത്രിക്ക് ചാർജ്ജ് കൊടുക്കുകയോ .ചെയ്യണം. ജനാധിപത്യത്തെ അംഗീകരിക്കാനും കൊലപാതക രാഷ്ട്രീയം ഉപേക്ഷിക്കാനും പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അനീഷ് രാജ് കൊലചെയ്യപ്പെട്ട കേസ്സിലെ പ്രതികളെ മൂന്നുമാസമായിട്ടും പിടികൂടാൻ കഴിയാത്തത് ഈ സർക്കാരിന്റെ പിടിപ്പുകേടാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട പ്രക്ഷോഭത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ പോലീസ് നിഷ്ഠൂരമായി ആക്രമിച്ച സംഭവം അപലപനീയമാണ്. പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. മന്ത്രിമാരെ ജാതീയമായി ബ്രാന്റ് ചെയ്യാനും ജാതി സംഘടനകളുടെ കോൺഫെ

ഡറേഷനാക്കി കേരളത്തെ മാറ്റാനും ന്യൂനപക്ഷ വർഗ്ഗീയതയെ പ്രീണിപ്പിക്കുന്ന നയസമീപനം സ്വീകരിക്കാനും തയ്യാറാകുന്ന സർക്കാരാണിത്. കൊലപാതകം, മോഷണം, ഭവനഭേദനം, സ്ത്രീപീഡനം, ബാലപീഡനം എന്നിവയുടെ എണ്ണം ഇപ്പോൾ ഗണ്യമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.

വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളുമല്ലാതെ സംസ്ഥാനത്ത് പൊതുഭരണം നടക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭൂരിപക്ഷം മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ സ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം വൈദ്യുതി രംഗം താറുമാറാകുകയും വൈദ്യുതി പ്രതിസന്ധി രൂക്ഷമായിരിക്കുകയുമാണ്. വിഴിഞ്ഞം, എസ്.ബി.ടി. കൺസോർഷ്യം, കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികൾ പ്രാവർത്തികമാക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തെ ഭരണത്തിലൂടെ കേരളത്തിന്റെ ഭാവി പ്രതീക്ഷകൾക്ക് പുത്തനുണർവ്വ് നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിലൂടെ കെട്ടിക്കിടക്കുന്ന ഫയലുകളിന്മേൽ അതിവേഗം തീരുമാനമെടുക്കാനും വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ പൊതുഭരണം സുതാര്യമാക്കാനും കഴിഞ്ഞു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാ ബദ്ധമാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളെ വെടിവച്ചുക്കൊന്ന ഇറ്റാലിയൻ നാവികർക്കെതിരെ നടപടി സ്വീകരിച്ചതിലൂടെ ലോകശ്രദ്ധ പിടിച്ചുപറ്റാനും സംസ്ഥാനത്തിന്റെ

ആത്മാഭിമാനം സംരക്ഷിക്കാനും കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച 107 പദ്ധതികളിൽ 102 എണ്ണത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗക്കാർക്ക് ഒരു രൂപയ്ക്ക് ഒരു കിലോ അരി നൽകൽ, പാവപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകൽ, അധ്യയന വർഷാരംഭത്തിൽ പാഠപുസ്തക വിതരണം, അധ്യാപക പാക്കേജ്, സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ച നടപടി, പി.എസ്.സി. റാങ്ക്ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കൽ തുടങ്ങി ഭാവി വികസനത്തിന് മുതൽക്കൂട്ടാകുന്ന നിരവധി തീരുമാനങ്ങളുമായിട്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്ത് വരാൻ പോകുന്ന 'എമർജിംഗ് കേരള' പരിപാടി വലിയ മാറ്റത്തിന് വഴിയൊരുക്കും. പ്രവാസി മലയാളികളുടെ ക്ഷേമാർത്ഥം കേരളത്തിന് സ്വന്തമായി കേരള എയർവേയ്സ് എന്ന വിമാനക്കമ്പനി ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കണം. സമസ്ത ജനവിഭാഗങ്ങളുടെ നന്മ ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചുക്കൊണ്ട് ഭാവി കേരളം കെട്ടിപ്പടുക്കുന്ന നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. പാലോട് രവി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രണ്ട് ഉപതെരഞ്ഞെടുപ്പുകളിലേയും യു.ഡി.എഫ്-ന്റെ വിജയം പൊതുഭരണ രംഗത്ത് ഒരു പുതിയ മാറ്റത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. എല്ലാ മേഖലകളിലും ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരം കാണാൻ ശ്രമിക്കുന്ന സർക്കാരിന്റെ പുതിയ പ്രവർത്തന ശൈലി അഭിന

ന്ദനാർഹമാണ്. കേരളത്തിലെ ഭരണ പരിഷ്ക്കാര കമ്മീഷനുകൾ ശുപാർശ ചെയ്തതുപോലെ ഡെമോക്രാറ്റിക് ഡീ–സെൻട്രലൈസേഷൻ നടപ്പിലാക്കുന്നതിനും സെക്രട്ടേറിയറ്റിലെ ഭരണഭാഷാ വകുപ്പിനെ കാര്യക്ഷമമായി പുന:സംഘടിപ്പിക്കുന്ന തിനും നടപടി സ്വീകരിക്കണം. എല്ലാ സർക്കാർ കോളേജുകളിലും മലയാളം ബി.എ. തുടങ്ങുന്നതോടൊപ്പം പഠിക്കാനെത്തുന്ന കുട്ടികൾക്ക് പ്രോത്സാഹനമെന്ന നിലയിൽ സ്റ്റൈപൻഡ് നൽകാനും കഴിയണം. ഭരണ തലത്തിൽ ഇൻഫർമേഷൻ ടെക്നോളജി കാര്യക്ഷമമായി ഉപയോഗപ്പെടുത്താനും മോഡേണൈസേഷനും റീ–സ്ട്രക്ച്ചറിംഗിനുമുള്ള കമ്പ്യൂട്ടർ ശൃംഖല വ്യാപിപ്പിക്കാനും കഴിയണം. അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും സർക്കാർ വാദിയായിട്ടുള്ള കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാനും നടപടി സ്വീകരിക്കണം. രാഷ്ട്രീയ കുറ്റവാളികളേയും അക്രമികളേയും പിടികൂടുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ പ്രശംസാർഹമാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ഒരു വർഷത്തെ ഗവൺമെന്റിന്റെ ഭരണ നേട്ടങ്ങളൊന്നും പറയാനില്ലാത്തതുകൊണ്ട് ധനാഭ്യർത്ഥനയുടെ ചർച്ചാവേളയിൽ എല്ലാ ഭരണകക്ഷി അംഗങ്ങളും സി.പി.ഐ.(എം)നെ എതിർക്കുക എന്ന നിലപാട് സ്വീകരിച്ചത് ദു:ഖകരമാണ്. കഴിഞ്ഞ ഒരു വർഷം കേരളത്തിലുണ്ടായ എല്ലാ കൊലപാതകങ്ങളേയും അവയിലെ പ്രതികളേയും കുറിച്ച് കൃത്യമായി പറഞ്ഞുകൊണ്ട് രാഷ്ട്രീയ സത്യസന്ധത പുലർത്തണം. കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക മണ്ഡലങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് കേരളം നേട്ടങ്ങളെല്ലാം തകർത്തുകൊണ്ട് പിന്നോട്ട് പോയിരിക്കുകയാണെന്ന് മസ്സിലാക്കാൻ സാധി

ക്കും. കേരളത്തിന്റെ മതനിരപേക്ഷത തകർത്തുകൊണ്ട് മുന്നോട്ടുപോകുന്ന തിനെ വികസനമെന്ന് പറയാൻ കഴിയില്ല. പ്രതിലോമ സംസ്ക്കാരങ്ങളുടെ ഭീകരമായ വളർച്ചയാണ് ഇവിടെ നടക്കുന്നത്. ഭൂ-മണൽ-ധനകാര്യ മാഫിയകൾ തഴച്ചുവളരുകയാണ്. തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ ഒരു വർഷം കൊണ്ട് നികത്തപ്പെട്ട ഫലഭൂയിഷ്ഠമായ വയലുകളുടേയും കുളങ്ങളു ടേയും എണ്ണം വർദ്ധിച്ചിരിക്കുകയാണ്. മാലിന്യ പ്രശ്നത്തിന്റേയും പാരി സ്ഥിതിക പ്രശ്നങ്ങളുടേയും പ്രകൃതി വിഭവ ചൂഷണങ്ങളുടേയും വിലക്കയ റ്റത്തിന്റേയും നാണയമൂല്യ തകർച്ചയുടേയും പശ്ചാത്തലത്തിൽ ഉണ്ടായി ട്ടുള്ള സാമ്പത്തിക പ്രതിസന്ധിയും കഴിഞ്ഞ ഒരു വർഷത്തെ വളർച്ചാ നിരക്കും പരിശോധിച്ചാൽ കേരളം അതീവ ഗുരുതരമായ അവസ്ഥയിലാ ണെന്ന് മനസ്സിലാക്കാൻ സാധിക്കും. സാംക്രമിക രോഗങ്ങളെ തടഞ്ഞുനിർത്തി ആയൂർ ദൈർഘ്യം വർദ്ധിപ്പിച്ച് ഹ്യൂമൻ ഡവലപ്മെന്റ് ഇന്റക്സിൽ ഉയർന്ന റേറ്റിംഗ് ഉണ്ടാക്കിയ സംസ്ഥാനമായ കേരളം ഇപ്പോൾ ഈ രംഗത്ത് അതിവേഗത്തിൽ പിന്നോക്കം പോയ്ക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രീയവും ജനകീയവുമായ

വികേന്ദ്രീകൃത സംവിധാനങ്ങളിലൂടേയും അയൽക്കൂട്ട രൂപീകരണങ്ങളിലൂ ടേയും നീർത്തട സംരക്ഷണത്തിലൂടെയും മാത്രമേ മാലിന്യ നിർമ്മാർജ്ജനം പൂർത്തിയാകുകയുള്ളൂ. കേരള സമൂഹത്തിന്റെ വികലമായ മാറ്റത്തിന് പ്രധാന കാരണം കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റത്തിന്റെ ഫലമായി മാനവികതയും മനുഷ്യത്വവും കുറഞ്ഞുവരുന്നതാണ്. ഒരു ചെറിയ നഷ്ടം നഷ്ടമായി കാണാതെ അത് പാർശ്വവൽക്കരിച്ചാൽ അത് സംസ്ഥാനത്തിന് ഗുണം ചെയ്യില്ല. ജനകീയതയും പൊതുഇടപെടലും ജനാ ധിപത്യവൽക്കരണവും നഷ്ടപ്പെടുമ്പോഴാണ് മനുഷ്യത്വരഹിതമായ മാഫി

യാസംസ്ക്കാരവും അരാഷ്ട്രീയതയും വളർന്നുവരുന്നത്. ഇത് തടയുവാൻ സൂക്ഷ്മ നിരീക്ഷണത്തോടെയുള്ള ജനകീയ പരിപാടികളാണ് ആവിഷ്ക്കരിക്കേണ്ടത്. മൂലധന ശക്തികൾക്ക് കീഴടങ്ങാതെ സർവ്വതലസ്പർശിയും സൂക്ഷ്മാവബോധവും അതീവ ശ്രദ്ധയും ഉള്ളതാകണം കേരളത്തിന്റെ വികസനം. കേരളത്തിന്റെ പ്രശ്നങ്ങൾ അടിയന്തരമായി പഠിച്ച് വികസനം മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ധനാഭ്യർത്ഥനകളെ അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിച്ച് വിമർശനങ്ങളും നിർദ്ദേശങ്ങളും നൽകിയ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഇന്ന് പ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നത്തിൽ എഫ്.ഐ.ആർ.-ൽ പേര് വന്നു എന്നതിന്റെ പേരിൽ ഒരാളെ അറസ്റ്റുചെയ്യാൻ പാടില്ല എന്ന നിയമോപദേശം ലഭിച്ചതിന്റെയടിസ്ഥാനത്തിലുള്ള ഒരു നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ ഐ.ജി. ശ്രീ. ഗോപിനാഥിന്റെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട പ്രഗത്ഭരായ പോലീസ് ഉദ്യോഗസ്ഥരുടെ ഒരു സ്പെഷ്യൽ ടീം ആ കേസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. 15 പേരെ അറസ്റ്റ് ചെയ്തു കഴിഞ്ഞു. ശേഷിക്കുന്ന രണ്ടുപേരെ അറസ്റ്റ് ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഈ കേസിന് ഉത്തരവാദികളായിട്ടുള്ളവരേയും ഗൂഢാലോചനയിൽ പങ്കെടുത്തിട്ടുള്ളവരേയും സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ഗവൺമെന്റ് ജനങ്ങളുടെ മുമ്പിൽ കൊണ്ടുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രതിപക്ഷം ആവശ്യപ്പെട്ടപ്രകാരം വാളകം കേസ് സി.ബി.

ഐ. യ്ക്ക് വിട്ടിരിക്കുകയാണ്. പിറവം, നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പു വിജയം സർക്കാരിന്റെ ആത്മവിശ്വാസം വർദ്ധിപ്പിച്ചിരിക്കുകയാണ്.

ജനാധിപത്യത്തിൽ ജയവും തോൽവിയും അനുഭവ പാഠമായെടുത്തു കൊണ്ട് തെറ്റുകൾ തിരുത്താൻ നാം തയ്യാറാകണം. ഈ സർക്കാരിന് കൂട്ടുത്തരവാദിത്വത്തോടും ഒരുമയോടും പ്രവർത്തിക്കാനും.എന്തു പ്രശ്നമു ണ്ടായാലും ക്യാബിനറ്റും യു.ഡി.എഫ് മുന്നണിയും തമ്മിൽ കാര്യങ്ങൾ ചർച്ചചെയ്ത് വിട്ടുവീഴ്ചയോടുകൂടി മുന്നോട്ടുപോകാനും കഴിഞ്ഞിട്ടുണ്ട്. ജനകീയ പ്രശ്നങ്ങളോട് ഫലപ്രദമായി പ്രതികരിക്കാനും ജനസമ്പർക്കപരി പാടിയിലൂടെ ഒരളവുവരെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സർക്കാർ ശ്രമിച്ചിട്ടുണ്ട്. വീട്ടുനമ്പർ ലഭിക്കാത്ത ആയിരം ചതുരശ്രയടി വിസ്ത്രീർണ്ണമുള്ള വീടുകൾക്ക് താൽക്കാലിക നമ്പർ കൊടു ക്കാനും അതിന്റെ അടിസ്ഥാനത്തിൽ റേഷൻകാർഡ്, വാട്ടർ കണക്ഷൻ, വൈദ്യുതി കണക്ഷൻ, എന്നിവ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. രേഖ കൾ സഹിതം അപേക്ഷിച്ചാൽ മുപ്പതു ദിവസത്തിനകം എസ്.എസ്.എൽ. സി. ബുക്കിലെ തിരുത്തലുകൾ വരുത്തി നൽകാനും നടപടി സ്വീകരിച്ചിട്ടു ണ്ട്. 2004 മുതൽ 2007 വരെയുള്ള കാലയളവിലെ 1188 വികലാംഗരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. മരണം സംഭവിച്ച് ഏഴു വർഷമായിട്ടും ഡയിംഗ് ഹാർനസ് വഴി നിയമനം ലഭിക്കാത്ത 549 കേസുകളിൽ അത്രയും പുതിയ പോസ്റ്റുണ്ടാക്കി നിയമനം നൽകുന്നതിന് ഉത്തരവിറക്കാനും സ്പോർട്ട്സ് ക്വാട്ടയിൽ 303 ഒഴിവുള്ള തസ്തികകൾ നികത്താനും എസ്.എസി/എസ്.ടി വിഭാഗത്തിന്റെ നിയമന ത്തിൽ 1997-മുതലുള്ള ബാക്ക്ലോഗ് നികത്താനും നടപടി സ്വീകരിച്ചു. അഞ്ചുലക്ഷത്തിലധികം പേർക്ക് റേഷൻ കാർഡുകൾ അനുവദിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്മാർട്ട് സിറ്റിയുമായി

ബന്ധപ്പെട്ട എല്ലാ അനുമതികളും വാങ്ങുകയും പവലിയന്റെ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 3.5 ലക്ഷം ചതുരശ്ര അടിയുള്ള മെയിൻ ബിൽഡിംഗിന്റെ പണി ഒന്നര വർഷംകൊണ്ട് പൂർത്തിയാക്കി സ്മാർട്ട് സിറ്റിയുടെ ഒന്നാം ഘട്ടം ആരംഭിക്കുന്നതാണ്. കൊച്ചി മെട്രോ പദ്ധതിയുടെ അനുബന്ധ ജോലികൾ ആരംഭിച്ചുകഴിഞ്ഞു; കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം ഉടൻ ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു.. കണ്ണൂർ വിമാനത്താവളത്തിന്റെ ഡി.പി.ആർ. സിയാലിനെ ഏൽപ്പിക്കുകയും റൺവേയ്ക്കുള്ള ആഗോള ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. റൺവേയുടെ പണി ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. വിഴിഞ്ഞം പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ടെണ്ടർ ചെയ്തെങ്കിലും ചില കമ്പനികൾക്ക് കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റി ക്ലിയറൻസ് ലഭിച്ചില്ല. ഏതെങ്കിലും കാരണവശാൽ സിംഗിൾ ടെണ്ടർവച്ച് മുമ്പോട്ടുപോകാൻ സാധിച്ചില്ലായെങ്കിൽ റീ-ടെണ്ടർ ചെയ്യാനുള്ള നടപടിയുണ്ടാകും. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ പി.ഡബ്ളിയു.ഡി. റോഡുകൾ നന്നാക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ 1000 കോടി രൂപ കൂടുതലായി സർക്കാർ അനുവദിച്ചു. വികസന രംഗത്ത് ഒരു നിയോജകമണ്ഡലത്തിന് 5 കോടി രൂപയുടെ വർക്കുകൾ പ്രഖ്യാപിച്ചിട്ടുണ്ട്; അതാത് എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന മുറയ്ക്ക് അവ നടപ്പിലാക്കും. മുല്ലപ്പെരിയാർ വിഷയത്തിൽ water for Tamil Nadu, safety for Kerala എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സുപ്രീം കോടതിയിൽ സമർപ്പിച്ച എംപവേർഡ് കമ്മിറ്റി റിപ്പോർട്ടനുസരിച്ച് പുതിയ ഡാം

രൂപീകരണം തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്. അത് പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനുള്ള ശ്രമമാണ് വേണ്ടത്. തമിഴ്നാടുമായുള്ള നല്ല ബന്ധം നിലനിറുത്തിക്കൊണ്ടുതന്നെ നമ്മുടെ ആവശ്യം നേടുകയും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യണം. ഇറ്റാലിയൻ കപ്പലിലെ നാവികർ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവച്ചു കൊന്ന സംഭവുമായി ബന്ധപ്പെട്ട് സർക്കാർ സമചിത്തതയോടെ നിയമപരമായ നിലപാട് സ്വീകരിക്കുകയും തുടർ നടപടികളെടുക്കുകയും ചെയ്തു. 12-ാം പദ്ധതിയിൽ കേരളത്തിന്റെ പ്ലാൻ 1,05,000 കോടി രൂപയാണ്. അത് കഴിഞ്ഞ പ്രാവശ്യത്തേക്കാൾ രണ്ടിരട്ടിയാണ്. പ്ലാൻ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് പരമാവധി സ്വാതന്ത്ര്യം കൊടുക്കാനും ടെക്നിക്കൽ കമ്മിറ്റി വേണ്ടെന്ന് വയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. അൺടൈഡ് ഫണ്ടിൽ ലോക്കൽ സാഹചര്യങ്ങൾക്കനുസരിച്ച് കാര്യമായ മാറ്റം വരുത്താൻ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് സ്വാതന്ത്ര്യം കൊടുത്തിരിക്കുകയാണ്. പന്ത്രണ്ടാം പദ്ധതി മുതൽ എല്ലാ പഞ്ചായത്തുകളിലും ഒരു വർഷത്തെ പദ്ധതി എന്ന രീതി മാറ്റി പഞ്ചവത്സര പദ്ധതിയാക്കിയിട്ടുണ്ട്. 'സപ്തധാരാ പദ്ധതി' പ്രഖ്യാപിച്ച് ഒരു വർഷമാകുമ്പോൾ അതിന്റെ പ്രോഗ്രസ്സും അതിനു ശേഷമുള്ള പ്രവർത്തന പരിപാടികളും പ്രഖ്യാപിക്കുന്നതാണ്. ജനുവരി മാസം 12 മുതൽ 14 വരെ എമർജിംഗ് കേരള - 2012 നടത്തുന്നതാണ്. കേരളത്തിന്റെ സാദ്ധ്യതകളും അവസരങ്ങളും ലോകത്തെ ബോദ്ധ്യപ്പെടുത്തുകയും ഇൻവെസ്റ്റ്മെന്റിനെ സ്വാഗതം ചെയ്തുകൊണ്ടുള്ള പ്രവർത്തന

ങ്ങളുമായി മുന്നോട്ടുപോകുകയും ചെയ്യുക എന്നുള്ളതാണ് ആ പരിപാടി കൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന വിഷൻ 2020-2030-ന് ഈ വർഷം തന്നെ രൂപം നൽകും. ഐ.ടി. രംഗത്തെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകുന്നതോടൊപ്പം കേരളത്തെ സംപൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതുമാണ്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് അർഹതയുള്ള വർക്കെല്ലാം ബി.പി.എൽ. കാർഡ് നൽകും. പാവപ്പെട്ട ജനങ്ങൾക്ക് സഹാ യകരമായ വിധത്തിൽ ആരോഗ്യരംഗത്ത് സൗജന്യ മരുന്നുവിതരണവും ഇൻഷ്വറൻസും കൂടുതൽ എഫക്ടീവായി നടപ്പാക്കും. മാലിന്യപ്രശ്ന ത്തിന് പരിഹാരം ഉണ്ടാക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരി ക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗ സ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന 51-നെതിരെ 72 വോട്ടുകളോ ടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥന 51-നെ തിരെ 71 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കു കയും ചെയ്തു.

സഭ വൈകുന്നേരം 4.17-ന് പിരിഞ്ഞു.

*******